Single Window System for
Higher Secondary (Vocational)
Admission 2024-25

**പൊതു വിദ്യാഭ്യാസ വകുപ്പ്**
**ഹയർസെക്കണ്ടറി(വൊക്കേഷണൽ)വിഭാഗം**

File No. VHSE/1036/2024-C3

28-05-2024

# പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശങ്ങൾ

2024-25 അധ്യയന വർഷത്തെ ഹയർസെക്കണ്ടറി (വൊക്കേഷണൽ) പ്രവേശനത്തിന്റെ ട്രയൽ അലോട്ട്മെന്റ് www.vhseportal.kerala.gov.in എന്ന അഡ്മിഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ലോഗിൻ പേജിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഫോൺ നമ്പറും പാസ്സ്‌വേർഡും നൽകിയാൽ അലോട്ട്മെന്റ് റിസൾട്ട് പരിശോധിക്കാം.

സ്കൂളുകളിലേക്കുള്ള ട്രയൽ അലോട്ട്മെന്റ് ലിസ്റ്റുകൾ www.vhseportal.kerala.gov.in എന്ന വെബ്സൈറ്റിൽ Institution Level Approver യൂസറായി ലോഗിൻ ചെയ്ത് Menu→Allotment Report→Allotment Report എന്ന ലിങ്കിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

ട്രയൽ ലിസ്റ്റ് പരിഗണിച്ച് ഒരു വിദ്യാർത്ഥിക്കും പ്രവേശനം നല്കാൻ പാടില്ല. അപേക്ഷ നൽകിയ വിദ്യാർത്ഥികൾക്ക് വിവിധ സ്കൂളുകളിലേക്ക്/കോഴ്സുകളിലേക്ക് പ്രവേശനം ലഭിക്കുന്നതിനുള്ള സാധ്യത മനസ്സിലാക്കുന്നതിനും അലോട്ട്മെന്റിനെക്കുറിച്ചുള്ള ഒരു ഏകദേശ ധാരണ ലഭിക്കുന്നതിനും, ആദ്യ അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുൻപ് അവസാനവട്ട പരിശോധനയും തിരുത്തലുകളും വരുത്തുന്നതിനുള്ള അവസരം നൽകുന്നതിനുമാണ് ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നത്.

ഓപ്ഷനുകൾ ഉൾപ്പെടെയുള്ള തിരുത്തലുകൾ ആവശ്യമുള്ളവർ, ലോഗിൻ ചെയ്തശേഷം ആവശ്യമായ തിരുത്തലുകൾ 31/05/2024, വൈകുന്നേരം 5.00 മണി വരെ വരുത്താവുന്നതാണ്. എന്നാൽ വിഭിന്നശേഷി വിഭാഗത്തിലെ അപേക്ഷാർത്ഥികൾക്ക് അപേക്ഷയിലെ വിവരങ്ങൾ മാറ്റുന്നതിന് അവസരം ഉണ്ടായിരിക്കുന്നതല്ല.

**ഡെപ്യൂട്ടി ഡയറക്ടർ (കരിക്കുലം)**